# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2395 | 20/6/2012 -ൽ മറുപടിക്ക്

# മരംകയറ്റ തൊഴിലാളി ക്ഷേമനിധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ചന്ദ്രൻ | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ മരം കയറ്റ തൊഴിലാളി കൾക്ക് നിലവിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിച്ചുകൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ മരം കയറ്റതൊഴിലാളി കൾക്ക് മരം കയറ്റ തൊഴിലിനിടയിൽ അപകടത്തിൽപ്പെട്ട് മരണം സംഭവിക്കുകയാണെങ്കിൽ തൊഴിലാളിയുടെ ആശ്രിതർക്ക് 50,000/- രൂപയും സ്ഥായിയായ അംഗവൈകല്യം സംഭവിക്കുകയാണെങ്കിൽ തൊഴിലാളിക്ക് 25,000/- രൂപയും ധനസഹായം അനുവദിക്കുന്നുണ്ട്. കൂടാതെ അപകടത്തിൽപ്പെട്ട് തൊഴിൽ ചെയ്യാനാകാതെ ദുരിതമനുഭവിക്കുന്ന തൊഴിലാളികൾക്ക് കാലാകാലങ്ങളിൽ സർക്കാർ അനുശാസിക്കുന്ന പെൻഷൻ നൽകുന്നതിന് 2012-ലെ കേരള മരംകയറ്റ തൊഴിലാളി അവശതാ പെൻഷൻ പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ മരം കയറ്റ തൊഴിലാളികൾക്ക് കർഷക തൊഴിലാളി നിയമം, മിനിമം കൂലി നിയമം, തൊഴിലാളി നഷ്ടപരിഹാര നിയമം തുടങ്ങിയ തൊഴിൽ നിയമങ്ങളുടെ പരിരക്ഷയും ലഭിക്കുന്നുണ്ട്. മരം കയറ്റ തൊഴിലാളികളെ സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി യിട്ടുണ്ട്. |
| (ബി) മരംകയറ്റ തൊഴിലാളികൾ ഏത് ക്ഷേമ നിധിയിലാണ് അംഗമായിട്ടുള്ളത്; | (ബി) മരം കയറ്റ തൊഴിലാളികൾ കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുന്നുണ്ട്. |
| (സി) പ്രസ്തുത തൊഴിലാളികൾക്ക് നില വിൽ പെൻഷൻ ലഭിക്കുന്നുണ്ടോ; | (സി) ഇല്ല. |
| (ഡി) മരംകയറ്റ തൊഴിലാളികൾക്കായി പ്രത്യേക പെൻഷൻ പദ്ധതി നടപ്പാ ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെ യാണെന്ന് വെളിപ്പെടുത്തുമോ? | (ഡി) മരംകയറ്റ തൊഴിലാളികൾക്കായി പ്രത്യേക പെൻഷൻ പദ്ധതി നടപ്പാക്കാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. എന്നാൽ മരം കയറ്റ തൊഴിലിനിടയിൽ അപകടത്തിൽ പ്പെട്ട് തൊഴിൽ ചെയ്യാനാകാതെ ദുരിതമനുഭവിക്കുന്ന തൊഴിലാളികൾക്ക് മാത്രമായി കേരള മരംകയറ്റ തൊഴിലാളി അവശതാ പെൻഷൻ പദ്ധതി രൂപീകരി ച്ചിട്ടുണ്ട്. |

Retuks

സെക്ഷൻ ഓഫീസർ

JSK/